പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

ബുള്ളറ്റിൻ – ഭാഗം 2

2022 ജൂൺ 26

നമ്പർ: 234

ബഹു.മന്ത്രിമാർക്കും സാമാജികർക്കും ഉച്ചഭക്ഷണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച്

നിയമസഭാ സമ്മേളന ദിവസങ്ങളിൽ നിശ്ചിത തുക ഈടാക്കിക്കൊണ്ട് ബഹു.മന്ത്രിമാർക്കും സാമാജികർക്കും ഉച്ചഭക്ഷണം നൽകാൻ ക്രമീകരണം ഏർപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 2022 ജൂൺ 27 തിങ്കളാഴ്ച്ച മുതൽ മുൻകൂട്ടി താൽപര്യം അറിയിക്കുന്ന ബഹു.മന്ത്രിമാർക്കും സാമാജികർക്കും മാത്രമായി നിയമസഭാ മന്ദിരത്തിലെ ഡൈനിംഗ് ഹാളിൽ ഉച്ച ഭക്ഷണം ഒരുക്കുന്നതാണ്.

വെജിറ്റേറിയൻ, നോൺ വെജിറ്റേറിയൻ ഊണിന് യഥാക്രമം 50, 75 രൂപ നിരക്കിൽ വെള്ളിയാഴ്ച ഒഴികെയുള്ള സമ്മേളന ദിവസങ്ങളിലാണ് ഉച്ച ഭക്ഷണം ഏർപ്പെടുത്തുന്നത്. ഈ സൗകര്യം ഉപയോഗപ്പെടുത്താൻ ആഗ്രഹിക്കുന്നവർ പ്രസ്തുത വിവരം 27.06.2022 ന്-രാവിലെ 10 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടറിയുടെ ഓഫീസിൽ അറിയിക്കേണ്ടതാണ്.

കവിത ഉണ്ണിത്താൻ,

സെക്രട്ടറി-ഇൻ-ചാർജ്ജ്.